# പതിനഞ്ചാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

# ബുള്ളറ്റിൻ—ഭാഗം I

(നിയമസഭാ നടപടികളുടെ സംക്ഷിപ്ത വിവരണം)

2022 ജൂലൈ 5, ചൊവ്വാഴ്ച

**നമ്പർ 66**

രാവിലെ 9.00-ന് സ്പീക്കറുടെ അദ്ധ്യക്ഷതയിൽ നിയമസഭ സമ്മേളിച്ചു

**ചോദ്യങ്ങൾ :**

മറുപടി പറയാൻ നിശ്ചയിച്ചിരുന്ന ചോദ്യങ്ങളിൽ നാലെണ്ണം സഭയിൽ ചോദിക്കുകയും അവയ്ക്ക് വാങ്മൂലം മറുപടി നൽകുകയും ചെയ്തു.

**അടിയന്തരപ്രമേയം :**

ആവിക്കൽതോട് മാലിന്യ സംസ്കരണ പ്ലാന്റിനെതിരെ പ്രതിഷേധിച്ച പ്രദേശവാസികളെ മർദ്ദിക്കുകയും അവർക്കെതിരെ കേസ് എടുക്കുകയും ചെയ്തുകൊണ്ട് ജനകീയ സമരങ്ങളെ അടിച്ചൊതുക്കാൻ പോലീസ് ശ്രമിക്കുന്നതിനാൽ ഉളവായിട്ടുള്ളതായി പറയപ്പെടുന്ന സ്ഥിതിവിശേഷം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണമെന്ന് ആവശ്യപ്പെട്ട് ഡോ. എം. കെ. മുനീറും മറ്റ് അഞ്ച് അംഗങ്ങളും ഒരു അടിയന്തരപ്രമേയത്തിന് നോട്ടീസ് നല്കിയിരുന്നു. തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രിയുടെ മറുപടിയുടെ വെളിച്ചത്തിൽ അടിയന്തരപ്രമേയത്തിന് സ്പീക്കർ അവതരണാനുമതി നിഷേധിച്ചു.

(ഇക്കാര്യത്തിൽ സർക്കാർ അനുവർത്തിച്ച നിലപാടിൽ പ്രതിഷേധിച്ച് പ്രതിപക്ഷ കക്ഷികളിൽപ്പെട്ട അംഗങ്ങൾ സഭയിൽ നിന്നിറങ്ങിപ്പോയി.)

**ശ്രദ്ധ ക്ഷണിക്കൽ :**

(1) സംസ്ഥാനത്തിന് അർഹമായ നികുതി വിഹിതത്തിൽ കുറവ് വരുത്തിയും റവന്യൂ കമ്മി ഗ്രാന്റ് നിർത്തലാക്കിയും സംസ്ഥാനത്തിന്റെ വികസന പ്രവർത്തനങ്ങൾക്ക് തടസം നിൽക്കുന്ന നടപടി തിരുത്തുവാൻ കേന്ദ്രസർക്കാരിനോട് ആവശ്യപ്പെടേണ്ടതിന്റെ ആവശ്യകതയിലേക്ക് ശ്രീ. പി. നന്ദകുമാർ ധനകാര്യ വകുപ്പുമന്ത്രിയുടെ ശ്രദ്ധ ക്ഷണിച്ചു. മന്ത്രി അത് സംബന്ധിച്ച് ഒരു പ്രസ്താവന ചെയ്തു.

(2) ഇന്ധനവില വർദ്ധനവ് മൂലവും മത്സ്യബന്ധന മേഖലയെ ബാധിക്കുന്ന കേന്ദ്ര-സംസ്ഥാന നിയമങ്ങൾ മൂലവും മത്സ്യത്തൊഴിലാളികൾക്കുണ്ടായിരിക്കുന്ന ബുദ്ധിമുട്ട് പരിഹരിക്കേണ്ടതിന്റെ ആവശ്യകതയിലേക്ക് ശ്രീ കെ. പി. എ. മജീദ് മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രിയുടെ ശ്രദ്ധ ക്ഷണിച്ചു. മന്ത്രി അത് സംബന്ധിച്ച് ഒരു പ്രസ്താവന ചെയ്തു.

ചട്ടം 304 പ്രകാരമുള്ള വിഷയങ്ങൾ :

ചട്ടം 304 പ്രകാരം താഴെ പറയുന്ന വിഷയങ്ങൾ അംഗങ്ങൾ സഭയിൽ ഉന്നയിച്ചു:

| നമ്പർ | അംഗത്തിന്റെ പേര് | വിഷയം | വകുപ്പുമന്ത്രി |
|---|---|---|---|
| (1) | (2) | (3) | (4) |
| 1 | ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ | കോഴിക്കോട് വെള്ളയിൽ പോലീസ് സ്റ്റേഷൻ നിർമ്മാണം | മുഖ്യമന്ത്രി |
| 2 | ശ്രീ. എം. വിജിൻ | സുൽത്താൻ കനാലിന്റെ പാർശ്വ ഭിത്തി പുനർനിർമ്മാണം | മുഖ്യമന്ത്രി |
| 3 | ശ്രീ. കെ. എൻ. ഉണ്ണികൃഷ്ണൻ | പള്ളിപ്പുറം, കുഴുപ്പിള്ളി വില്ലേജുകളിലെ ഭൂമിയുടെ കരം | റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി |
| 4 | ശ്രീ. പി.ടി.എ. റഹീം | പൊതുമരാമത്ത് പ്രവൃത്തികൾക്കായുള്ള സ്ഥലം ഏറ്റെടുക്കൽ വേഗത്തിലാക്കാൻ നടപടി | റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി |
| 5 | ശ്രീ. തോമസ് കെ. തോമസ് | കുട്ടനാട് സമഗ്ര കുടിവെള്ള പദ്ധതി | ജലവിഭവ വകുപ്പുമന്ത്രി |
| 6 | ശ്രീ. എൻ. ഷംസുദ്ദീൻ | അട്ടപ്പാടിയിൽനിന്ന് മുള്ളിവഴി ഊട്ടിയിലേക്കുള്ള യാത്രാനിരോധനം | വനം-വന്യജീവി വകുപ്പുമന്ത്രി |
| 7 | ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ | മാധ്യമപ്രവർത്തകർക്കുള്ള പെൻഷൻ | ധനകാര്യ വകുപ്പുമന്ത്രി |

| (1) | (2) | (3) | (4) |
|---|---|---|---|
| 8 | ശ്രീമതി കെ. കെ. രമ | വടകര മോഡൽ പോളിടെക്നിക്കിന്റെ പ്രവർത്തനം | ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി |
| 9 | ശ്രീ. എ. എൻ. ഷംസീർ | ബി.എഡ് ട്രെയിനിംഗ് കോളേജുകളിലേക്കും ടീച്ചർ ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ടുകളിലേക്കും പി.എസ്.സി. വഴി നിയമനം | പൊതുവിദ്യാഭ്യാസ - തൊഴിൽ വകുപ്പുമന്ത്രി |
| 10 | ശ്രീ. ജി. എസ്. ജയലാൽ | ചാത്തന്നൂരിൽ സബ് ആർ.ടി.ഒ. ഓഫീസ് | ഗതാഗത വകുപ്പുമന്ത്രി |

അതതു വിഷയം സംബന്ധിച്ച് മന്ത്രിമാർ പ്രസ്താവന നടത്തി.

ധനകാര്യം :

2022-23 സാമ്പത്തിക വർഷത്തേയ്ക്കുള്ള ബജറ്റിലെ ധനാഭ്യർത്ഥനകളിന്മേലുള്ള ചർച്ചയും വോട്ടെടുപ്പും

വാഹന നികുതികൾ എന്ന IX - ാം നമ്പർ ധനാഭ്യർത്ഥന, ഗതാഗതം എന്ന XLI - ാം നമ്പർ ധനാഭ്യർത്ഥന എന്നിവയുടെ നേരെ ധനാഭ്യർത്ഥനകളുടെ ലിസ്റ്റിലെ 7- ാം കോളത്തിൽ സൂചിപ്പിച്ചിട്ടുള്ള തുക അനുവദിക്കണമെന്ന പ്രമേയം ഗതാഗത വകുപ്പുമന്ത്രി ശ്രീ. ആന്റണി രാജുവും, മത്സ്യബന്ധനം എന്ന XXXIII - ാം നമ്പർ ധനാഭ്യർത്ഥനയുടെ നേരെ ധനാഭ്യർത്ഥനകളുടെ ലിസ്റ്റിലെ 7- ാം കോളത്തിൽ സൂചിപ്പിച്ചിട്ടുള്ള തുക അനുവദിക്കണമെന്ന പ്രമേയം മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി ശ്രീ. സജി ചെറിയാനും അവതരിപ്പിച്ചു.

പ്രസ്തുത ധനാഭ്യർത്ഥനകളെ സംബന്ധിച്ച് ചട്ടം 236 (3) പ്രകാരമുള്ള പ്രസ്താവനകൾ ധനകാര്യ വകുപ്പുമന്ത്രി ശ്രീ. കെ. എൻ. ബാലഗോപാൽ മേശപ്പുറത്തുവച്ചു.

IX - ാം നമ്പർ ധനാഭ്യർത്ഥന സംബന്ധിച്ച ഖണ്ഡനോപക്ഷേപങ്ങളുടെ ലിസ്റ്റിലെ 1, 3, 5, 8, 9, 10, 11, 12, 14, 15, 18, 19, 20, 23, 24, 27, 29, 30, 31, 32, 33 എന്നീ ഖണ്ഡനോപക്ഷേപങ്ങളും XLI- ാം നമ്പർ ധനാഭ്യർത്ഥന സംബന്ധിച്ച ഖണ്ഡനോപക്ഷേപങ്ങളുടെ ലിസ്റ്റിലെ 1, 2, 5, 6, 7, 8, 9, 10, 11, 12, 13, 16, 18, 19, 20,

21, 23, 25, 27, 30, 32, 33 എന്നീ ഖണ്ഡനോപക്ഷേപങ്ങളും, XXXIII - ാം നമ്പർ ധനാഭ്യർത്ഥന സംബന്ധിച്ച ഖണ്ഡനോപക്ഷേപങ്ങളുടെ ലിസ്റ്റിലെ 1, 3, 4, 5, 6, 9, 10, 11, 12, 13, 15, 16, 21, 23, 24, 25, 26, 28, 29, 32, 34 എന്നീ ഖണ്ഡനോപക്ഷേപങ്ങളും അവതരിപ്പിച്ചു.

താഴെപ്പറയുന്ന അംഗങ്ങൾ ചർച്ചയിൽ പങ്കെടുത്തു:

ശ്രീ. പി. പി. ചിത്തരഞ്ജൻ

ശ്രീ. സി. ആർ. മഹേഷ്

ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ

ശ്രീ. പി. അബ്ദുൽ ഹമീദ്

ശ്രീ. പി. പി. സുമോദ്

ഡോ. എൻ. ജയരാജ്

ശ്രീമതി കെ. കെ. രമ

ശ്രീ. എൻ. കെ. അക്ബർ

ശ്രീമതി ഉമ തോമസ്

ശ്രീമതി കാനത്തിൽ ജമീല

ശ്രീ. തോമസ് കെ. തോമസ്

ശ്രീ. എ. കെ. എം. അഷ്റഫ്

ശ്രീ. സി. സി. മുകുന്ദൻ

ശ്രീ. വി. കെ. പ്രശാന്ത്

ശ്രീ. എം. വിൻസെന്റ്

ചർച്ചയിൽ ഉന്നയിക്കപ്പെട്ട കാര്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി ശ്രീ. ആന്റണി രാജു മറുപടി നൽകി.

(മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രിയുടെ മറുപടിയ്ക്കുമുൻപ് സഭയ്ക്ക് പുറത്ത് ബഹു. മന്ത്രി നടത്തിയ പ്രസംഗം പരാമർശിച്ചുകൊണ്ട് പ്രതിപക്ഷനേതാവ് സംസാരിച്ചു. തുടർന്ന് മന്ത്രിയുടെ രാജി ആവശ്യപ്പെട്ടുകൊണ്ട് പ്രതിപക്ഷ കക്ഷികളിൽപ്പെട്ട അംഗങ്ങൾ തുടർന്നുള്ള സഭാനടപടികൾ ബഹിഷ്കരിച്ചു.)

തുടർന്ന് മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി ശ്രീ. സജി ചെറിയാൻ ചർച്ചയിൽ ഉന്നയിക്കപ്പെട്ട വിഷയങ്ങൾക്ക് മറുപടി നൽകി.

അവതരിപ്പിച്ചിരുന്ന ഖണ്ഡനോപക്ഷേപങ്ങൾ സഭ തള്ളി. തുടർന്ന് ധനാഭ്യർത്ഥനകൾ IX, XLI, XXXIII എന്നിവ സഭ പാസ്സാക്കി.

2022 ജൂലൈ 6 - ാം തീയതി ബുധനാഴ്ച രാവിലെ 9.00 - ന് വീണ്ടും സമ്മേളിക്കുന്നതിനായി ഉച്ചയ്ക്കുശേഷം 03.32 - ന് സഭ പിരിഞ്ഞു.

കവിത ഉണ്ണിത്താൻ,

*സെക്രട്ടറി-ഇൻ-ചാർജ്ജ്.*

# FIFTEENTH KERALA LEGISLATIVE ASSEMBLY

Fifth Session

# BULLETIN — PART I

(Brief Record of Proceedings)

*Tuesday, July 5, 2022*

**No. 66**

The Assembly met at 9.00 a.m. with Mr. Speaker in the Chair.

*Questions:*

Four Questions in the list of Questions posted for the day were answered orally.

*Adjournment Motion:*

After hearing the Minister for Local Self Governments, Rural Development and Excise, the Speaker withheld consent to the moving of an adjournment motion given notice of by Dr. M. K. Muneer and five other Members regarding the serious situation reported to have arisen consequent to the Police action to quell the popular protests against the Avikkalthodu waste treatment plant by thrashing and filing cases against local residents.

(As a mark of protest against the attitude of the Government the Members belonging to opposition staged a walkout.)

*Calling Attention :*

1. Shri. P. Nandakumar called the attention of the Minister for Finance to the necessity to urge the Central Government to rectify the policy which subverts the development activities of the State by slashing down the tax share due to the State and curtailing its revenue deficit grant. The Minister made a statement thereto.

2. Shri. K. P. A. Majeed called the attention of the Minister for Fisheries, Culture and Youth Affairs to the necessity to address the problems faced by fishermen due to the hike in fuel prices and Central-State laws affecting the fishing sector. The Minister made a statement thereto.

KNPP.779/2022(ii)

*The Matters under Rule 304:*

The matters raised in the House by the Members under Rule 304 are listed below:

| നമ്പർ | അംഗത്തിന്റെ പേര് | വിഷയം | വകുപ്പുമന്ത്രി |
|---|---|---|---|
| (1) | (2) | (3) | (4) |
| 1 | ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ | കോഴിക്കോട് വെള്ളയിൽ പോലീസ് സ്റ്റേഷൻ നിർമ്മാണം | മുഖ്യമന്ത്രി |
| 2 | ശ്രീ. എം. വിജിൻ | സുൽത്താൻ കനാലിന്റെ പാർശ്വ ഭിത്തി പുനർനിർമ്മാണം | മുഖ്യമന്ത്രി |
| 3 | ശ്രീ. കെ. എൻ. ഉണ്ണികൃഷ്ണൻ | പള്ളിപ്പുറം, കുഴുപ്പിള്ളി വില്ലേജുകളിലെ ഭൂമിയുടെ കരം | റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി |
| 4 | ശ്രീ. പി.ടി.എ. റഹീം | പൊതുമരാമത്ത് പ്രവൃത്തികൾക്കായുള്ള സ്ഥലം ഏറ്റെടുക്കൽ വേഗത്തിലാക്കാൻ നടപടി | റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി |
| 5 | ശ്രീ. തോമസ് കെ. തോമസ് | കുട്ടനാട് സമഗ്ര കുടിവെള്ള പദ്ധതി | ജലവിഭവ വകുപ്പുമന്ത്രി |
| 6 | ശ്രീ. എൻ. ഷംസുദ്ദീൻ | അട്ടപ്പാടിയിൽനിന്ന് മുള്ളിവഴി ഊട്ടിയിലേക്കുള്ള യാത്രാനിരോധനം | വനം-വന്യജീവി വകുപ്പുമന്ത്രി |
| 7 | ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ | മാധ്യമപ്രവർത്തകർക്കുള്ള പെൻഷൻ | ധനകാര്യ വകുപ്പുമന്ത്രി |

| (1) | (2) | (3) | (4) |
|---|---|---|---|
| 8 | ശ്രീമതി കെ. കെ. രമ | വടകര മോഡൽ പോളിടെക്നിക്കിന്റെ പ്രവർത്തനം | ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി |
| 9 | ശ്രീ. എ. എൻ. ഷംസീർ | ബി.എഡ് ട്രെയിനിംഗ് കോളേജുകളിലേക്കും ടീച്ചർ ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ടുകളിലേക്കും പി.എസ്.സി. വഴി നിയമനം | പൊതുവിദ്യാഭ്യാസ - തൊഴിൽ വകുപ്പുമന്ത്രി |
| 10 | ശ്രീ. ജി. എസ്. ജയലാൽ | ചാത്തന്നൂരിൽ സബ് ആർ.ടി.ഒ. ഓഫീസ് | ഗതാഗത വകുപ്പുമന്ത്രി |

The Ministers concerned made statements on the respective subjects.

*Financial Business :*

*Discussion and Voting on Demands for Grants in the Budget for the financial year 2022- 2023.*

Shri Antony Raju, Minister for Transport moved Demand No. IX-Taxes on Vehicles, Demand No. XLI - Transport and Shri. Saji Cherian, Minister for Fisheries, Culture and Youth Affairs moved Demand No. XXXIII-Fisheries for the amounts shown respectively against them under column No. 7 in the list of Demands for Grants.

Shri K. N. Balagopal, Minister for Finance laid on the table statements under Rule 236 (3) relating to Demands Nos IX, XLI and XXXIII.

The cut motion Nos. 1, 3, 5, 8, 9, 10, 11, 12, 14, 15, 18, 19, 20, 23, 24, 27, 29, 30, 31, 32, 33 in the list of cut motions for Demand No. IX, cut motion Nos. 1,

2, 5, 6, 7, 8, 9, 10, 11, 12, 13, 16, 18, 19, 20, 21, 23, 25, 27, 30, 32, 33 in the list of cut motions for Demand No. XLI and cut motion Nos. 1, 3, 4, 5, 6, 9, 10, 11, 12, 13, 15, 16, 21, 23, 24, 25, 26, 28, 29, 32, 34 in the list of cut motions for Demand No. XXXIII were moved.

The following Members took part in the discussion;

Shri P. P. Chitharanjan

Shri C. R. Mahesh

Shri E. T. Taison Master

Shri P. Abdul Hameed

Shri P. P. Sumod

DR. N. Jayaraj

Smt. K. K. Rema

Shri N. K. Akbar

Smt. Uma Thomas

Smt. Kanathil Jameela

Shri Thomas K. Thomas

Shri A.K.M. Ashraf

Shri C. C. Mukundhan

Shri V. K. Prasanth

Shri M. Vincent

Shri Antony Raju, Minister for Transport replied to the points raised during the discussion.

(Before the reply by the Minister for Fisheries, Culture and Youth Affairs, Hon. Leader of the Opposition spoke referring to the Minister's speech outside the House. Demanding the resignation of the Minister the Members of the Opposition parties boycotted the remaining proceedings of the House.)

Then Shri. Saji Cherian, Minister for Fisheries, Culture and Youth Welfare replied to the points raised during the discussion.

The cut motions moved were declared lost. Then the Demand No. IX, XLI and XXXIII were passed.

The House adjourned at 03.32 p.m. to meet again at 9.00 a.m on Wednesday, July 6, 2022.

KAVITHA UNNITHAN,

*Secretary-in-Charge.*